ST THOMAS HSS PALA

# ACADEMIC MASTERPLAN



# ST THOMAS HSS PALA
# SINCE 1896

## Under the Corporate Educational Agency, Pala Diocese

## Manager: Rev.Dr.Jose Kakkallil

## Headmaster: Rev.Fr. Rejimon Scaria

# MISSION

**TO ENABLE THE STUDENTS COPE UP WITH THE CHANGING NEEDS OF TIME RESPECTING THE VALUES AND CULTURE, ACHIEVING THE MAXIMUM FROM ACADEMICS AND TO DEVELOP SOCIO- EMOTIONAL MATURITY.**

stthomashsspala

**ആമുഖം**

129 വർഷത്തെ പ്രൗഢ പാരമ്പര്യം പേറുന്ന പാല സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ കോട്ടയം ജില്ലയിലെ അതിപ്രശസ്തമായ ആൺപള്ളിക്കൂടമാണ്. അക്കാദമിക്, നോൺ അക്കാദമിക് മേഖലകളിൽ ഈ വിദ്യാലയം നല്കിയ സേവനങ്ങൾ വിലപ്പെട്ടവയാണ്. രാജഭരണകാലത്ത് ആരംഭിച്ച്, സ്വാതന്ത്ര്യസമരകാലഘട്ടങ്ങളിലൂടെ സഞ്ചരിച്ച്, ഇപ്പോൾ സാങ്കേതിക വിദ്യയുടെ ഈ വിസ്ഫോടനകാലത്ത് പുതിയ ചുവടുവയ്പുകളുമായി വിദ്യാലയം മാറ്റത്തിന്റെ വക്താവാകുകയാണ്. പാലാ രൂപത കോർപ്പറേറ്റ് ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയം മതേതര മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ പ്രതിജ്ഞാബദ്ധമാണ് . കാലാനുസൃതമായി ദർശനങ്ങളിൽ മാറ്റം വരുത്തി, നവയുഗത്തിന് ചേരുന്ന, ക്രിയാശേഷിയുള്ള പൗരന്മാരെ മെനഞ്ഞെടുക്കാൻ അധ്യാപകരും മാനേജ്മെന്റും സദാ ശ്രദ്ധ പുലർത്തുന്നു.

ഈ വർഷത്തെ അക്കാദമിക് നോൺ അക്കാദമിക് പ്രവർത്തനങ്ങൾ നാല് സവിശേഷ ദർശനങ്ങളെ അടിസ്ഥാനപ്പെടുത്തി ക്രമീകരിച്ചിരിക്കുന്നു. അക്കാദമിക മികവ്(Academic Excellence) സ്വഭാവ രൂപവല്ക്കരണം(Character Formation), നൈപുണീവികസനം (Skill Development), സാമൂഹ്യ -വൈകാരിക പക്വത (Socio-Emotional Maturity) എന്നിവയാണ് ഈ വർഷത്തെ പ്രവർത്തനങ്ങളുടെ കാതലായി നിർണ്ണയിച്ചിരിക്കുന്നത്. സമഗ്രവും സമ്പൂർണ്ണവുമായ വ്യക്തി വികാസം ഓരോ വിദ്യാർത്ഥിയുടെയും അവകാശമായതിനാൽ ഓരോ വിദ്യാർത്ഥിയെയും ഓരോ യൂണിറ്റായി കണ്ട്, അർഹമായ പ്രാധാന്യവും പരിഗണനയും നല്കി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നു. സ്കൂൾ വർഷാരംഭം മുതൽ നടന്ന എല്ലാ പ്രവർത്തനങ്ങളും ഇനി ഈ അധ്യയന വർഷം നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും മേൽപ്പറഞ്ഞ നാല് ദർശനങ്ങളിലായി തരംതിരിച്ച് ആസൂത്രണം ചെയ്തിരിക്കുന്നു.

ഈ അധ്യയന വർഷത്തിൽ 5 മുതൽ 10 വരെ ക്ലാസുകളിലായി 522 ആൺകുട്ടികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നുണ്ട്. പുതിയതായി അഡ്മിഷൻ നേടിയ 93 വിദ്യാർത്ഥികൾ ഉൾപ്പെടെയാണിത്. ജൂൺ 2 ന് നടന്ന പ്രവേശനോത്സവം വിദ്യാലയവർഷത്തിന്റെ ആരംഭം മാത്രമായിരുന്നില്ല, പുത്തൻ ദർശനങ്ങളുടെ ആവിഷ്കാരം കൂടിയായിരുന്നു. അന്നത്തെ യോഗത്തിൽ ഹെഡ്മാസ്റ്റർ അവതരിപ്പിച്ച Four Pillars Of Education at St Thomas HSS Pala അധ്യയനത്തിന്റെ കരുത്തായി ഗണിക്കപ്പെടുന്നു. പഠന മികവിനൊപ്പം സ്വഭാവ രൂപവല്ക്കരണവും നൈപുണീ വികാസവും സാമൂഹ്യ വൈകാരിക

St Thomas HSS Pala

സന്തുലനവും നമ്മൾ പരിഗണിക്കേണ്ടതുണ്ട്. സ്കൂൾ നടപ്പിലാക്കിയ ക്യാരക്ടർ ചാർട്ട് മാതാപിതാക്കളുടെ മുക്തകണ്ഠമായ പ്രശംസയും അംഗീകാരവും നേടിയതിന്റെ പശ്ചാത്തലത്തിൽ ഈ വർഷം അല്പംകൂടി പരിഷ്കരിച്ച് Success Ladder എന്ന നിലയിലേയ്ക്ക് അപ്ഗ്രേഡ് ചെയ്തു.

## A. അക്കാദമിക് മികവിനായി സ്കൂൾ സ്വീകരിച്ച നടപടികൾ. (Academic Excellence)

1. സ്കൂൾ ക്യാമ്പസിനുള്ളിൽ തന്നെ പ്രവർത്തിച്ച് വരുന്ന സെന്റ് തോമസ് കോളേജ് ഓഫ് ടീച്ചർ എജ്യൂക്കേഷനിലെ ടീച്ചർ ട്രയിനീസിന്റെ സഹകരണത്തോടെ പഠനം പിന്നോക്കാവസ്ഥയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് സ്പെഷ്യൽ ട്യൂഷൻ നല്കുന്നു.
2. പഠന വേഗതയുള്ള കുട്ടികൾക്ക് അവരുടെ മികവിനനുസരിച്ച് ഗ്രേഡ് നല്കുകയും Star Student of the Month എന്ന പേരിൽ പുരസ്കാരം നല്കുകയും ചെയ്യുന്നു.
3. ക്ലാസ്സ് മുറികളിൽ പത്രം ലഭ്യമാക്കുകയും പത്രപാരായണം നിർബന്ധമാക്കുകയും ചെയ്തു.
4. ജൂൺ ആദ്യവാരം മുതൽ തന്നെ ലൈബ്രറി പുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് നല്കി.
5. പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് PEER TEACHING സംവിധാനം ഏർപ്പെടുത്തി. ഇതുവഴി പഠന പിന്നോക്കാവസ്ഥ മറികടക്കാൻ സാധിക്കുന്നു.
6. സാമ്പത്തിക പിന്നോക്കാവസ്ഥ മനസ്സിലാക്കി അവർക്ക് ആവശ്യമായ പിന്തുണ നല്കുന്നു.
7. വിദൂര സ്ഥലങ്ങളിൽ നിന്നും വരുന്ന കുട്ടികൾക്ക് സൗജന്യ യാത്രാസൗകര്യം നല്കുന്നു.

## B. സ്വഭാവ രൂപവല്കരണം. പ്രത്യേക നടപടികൾ (Character Formation)

1. ക്യാരക്ടർ ചാർട്ട് ഏർപ്പെടുത്തി. ഇതുവഴി സ്കൂളിൽ ഡിസിപ്ലിൻ ഉറപ്പ് വരുത്തുന്നു.
2. അഡാർട്ട്, വിമുക്തി, ജാഗ്രത സമിതി എന്നിവയുടെ നേതൃത്വത്തിൽ വിവിധ സെമിനാർ, ബോധവൽക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിച്ചു.

St Thomas HSS Pala

3. ലഹരിക്കെതിരെ അണിനിരക്കാനും ജാഗ്രത നിലനിർത്താനുമായി ആശയരൂപീകരണമെന്നോണം കയ്യെഴുത്ത് മാസിക മത്സരം നടത്തി.
4. മാതാപിതാക്കൾക്കായി ലഹരിവിരുദ്ധ അവബോധന ക്ലാസ്സ് നടത്തി.
5. പ്രത്യേക സ്വഭാവ വിശേഷതകൾ പ്രകടിപ്പിക്കുന്ന കുട്ടികൾക്കായി കൗൺസിലിംഗ് സെന്ററിൽ കൗൺസിലിംഗ് സൗകര്യം ഏർപ്പെടുത്തി.

## C. നൈപുണീ വികസനം.(Skill Development)

1. സാന്തോം ആക്ടിവിറ്റി കൊളീജിയം എന്ന പേരിൽ പത്ത് വിവിധ ആക്ടിവിറ്റികളുടെ ഗ്രൂപ്പ് സ്കൂളിൽ പ്രവർത്തിച്ച് വരുന്നു.
2. വിദ്യാർത്ഥികളുടെ നൈപുണി വികസനത്തിന് പര്യാപ്തമായ മേൽപ്പറഞ്ഞ ആക്ടിവിറ്റികളിൽ സ്കൂളിലെ എല്ലാ വിദ്യാർത്ഥികളും അംഗങ്ങളാണ്. അധ്യാപകർ മെന്റേഴ്സും. ഓരോ മേഖലയും വിദഗ്ധർ കൈകാര്യം ചെയ്യുന്നു.
3. യു. പി തലം മുതൽ കമ്പ്യൂട്ടർ പരിജ്ഞാനം ഉറപ്പാക്കാൻ എല്ലാ ക്ലാസ്സിനും ആഴ്ചയിൽ രണ്ട് പീരിയഡ് കമ്പ്യൂട്ടർ ലാബ് സൗകര്യം സജ്ജമാക്കി.
4. എൻ സി സി, റെഡ്ക്രോസ് എന്നീ യൂണിറ്റുകളിലെ പ്രവർത്തനം നൈപുണി വികസനത്തിന് സഹായകമാകുന്നു.

## D. സാമൂഹ്യ -വൈകാരിക പക്വത(Socio- Emotional Maturity)

- പക്വതയാർന്ന സാമൂഹ്യ -വൈകാരിക ഇടപെടലുകൾക്കായി വിദ്യാർത്ഥികളെ സജ്ജമാക്കുന്നതിന് എൻ സി സി, റെഡ്ക്രോസ്, ലിറ്റിൽ കൈറ്റ്സ് എന്നീ ക്ലബ്ബുകളിലെ പ്രവർത്തനം സഹായിക്കുന്നു.
- വൃത്തി, അച്ചടക്കം, കൃത്യനിഷ്ഠ എന്നിവ ചിട്ടയായ അനുദിന പ്രവർത്തനങ്ങളിലൂടെ പരിശീലിപ്പിക്കുന്നു.
- വരികളായി യാത്ര ചെയ്യാനും ക്യൂ പാലിക്കാനും സ്കൂൾ ആക്ടിവിറ്റികളിലൂടെ പരിശീലനം നല്കുന്നു.
- മുതിർന്ന കുട്ടികളെ ഡിസിപ്ലിൻ ഡ്യൂട്ടിയിൽ ഉൾപ്പെടുത്തിയത് വഴി പക്വതയാർന്ന പെരുമാറ്റം ഉറപ്പു വരുത്തുന്നു. 5. ക്ലാസ്സ് അസംബ്ലികൾ സംഘടിപ്പിക്കാനും

St Thomas HSS Pala

വിശിഷ്ടാതിഥികളെ സ്വീകരിക്കാനും പ്രോഗ്രാം അവതരിപ്പിക്കാനും കുട്ടികൾക്ക് അവസരം നല്കുന്നു.

- പരിശീലനം നേടിയ മുതിർന്ന കുട്ടികൾക്ക് നെറ്റ് ബോൾ കോച്ചിംഗിന് അവസരം നല്കുന്നു.
- ഗ്രൂപ്പുകളായി സ്കൂളിലെ മുഴുവൻ കുട്ടികളെയും തരംതിരിച്ച് ലീഡറിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ അവസരം നല്കുന്നു.
- ഫീൽഡ് ട്രിപ്പുകളിലൂടെ സമൂഹവുമായി ഇടപഴകാൻ അവസരം നല്കുന്നു.
- അസംബ്ലിയിലെ മാസ് ഡ്രിൽ, സൂംബ, പി റ്റി പീരിഡിലെ പങ്കാളിത്തം മുതലായവ വൈകാരിക പിരിമുറക്കം കുറയ്ക്കാൻ സഹായിക്കുന്നു, അച്ചടക്കം സൃഷ്ടിക്കുന്നു.

## **2025-2026 പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ**

June 2 പ്രവേശനോത്സവം

പുതിയ കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് മാറ്റം വരുത്തിയ ദർശനം അവതരിപ്പിച്ചു.

To enable the students cope up with the changing needs of time respecting the values and culture, achieving the maximum from academics and to develop socio- emotional maturity.

June 5 പരിസ്ഥിതി ദിനം

ക്വിസ്, പോസ്റ്റർ മത്സരം.

മാതാപിതാക്കൾക്കായി ലഹരിവിരുദ്ധ അവബോധനം.

June 9

ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി ADARRT, വിമുക്തി ക്ലബ് ഉദ്ഘാടനം

June 20 ലോക സംഗീത ദിനം

സ്റ്റാർ സിംഗർ മോഡൽ റിയാലിറ്റി ലൈവ്, ക്വിസ്, ഗസ് ദി സോംഗ് മത്സരം

June 25 ചങ്ങാതിക്കൊരു മരം.

പാരിസ്ഥിതിക അവബോധത്തിലേയ്ക്ക് ഒരു ചുവട്.

June 26 ലഹരിവിരുദ്ധ ദിനം

സൂംബ ഡാൻസ് അവതരണം.

St Thomas HSS Pala

June 27 Sugar Board സ്കൂളിൽ പ്രസിദ്ധീകരിച്ചു.

July 1 പേപ്പട്ടി വിഷബാധ ബോധവൽക്കരണ ക്ലാസ്സ്

പുതുക്കിയ ഉച്ചഭക്ഷണ മെനു പ്രസിദ്ധീകരിച്ചു.

July 4 Annual Sports Day സിന്തറ്റിക് ട്രാക്കിൽ

July 11 PTA പൊതുയോഗം

ദേശീയ കായിക താരങ്ങൾക്ക് അനുമോദനം.

July 12 നെറ്റ് ബോൾ കോച്ചിംഗ് ക്യാമ്പ് ആരംഭിച്ചു

July 17 മാതൃഭാഷ ശാക്തീകരണ സവിശേഷ അസംബ്ലി

July 18 റോളർ സ്കേറ്റിംഗ്, കരാട്ടെ ക്ലാസുകൾ ആരംഭിച്ചു.

ആധുനിക യുഗത്തിൽ വിഭിന്നങ്ങളായ ജീവിതസാഹചര്യങ്ങളിൽ ജീവിക്കുന്ന കുട്ടികൾ വിദ്യാലയം എന്ന യാഥാർത്ഥ്യത്തോട് പല രീതിയിലും പൊരുത്തപ്പെടാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ്. കോവിഡാനന്തര വിദ്യാഭ്യാസം അതിസങ്കീർണ്ണമായ അവസ്ഥകളിലൂടെയാണ് കടന്നു പോകുന്നത്. സ്കൂളിലെത്താതെ പാഴായിപ്പോയ രണ്ട് വർഷങ്ങൾ കുട്ടികളുടെ ജീവിതത്തിൽ വളരെ വലിയ കാതലായ മാറ്റങ്ങൾക്ക് കാരണമായി. സാമൂഹ്യ സമ്പർക്ക മാധ്യമങ്ങൾ അവരുടെ ജീവിതത്തെ സ്വാധീനിച്ചുതുടങ്ങി. തന്മൂലം അറ്റൻഷൻ സ്പാൻ തീരേ താഴ്ന്ന് മിനിറ്റുകൾ മാത്രമായി. വിദ്യാർത്ഥികളെ നിരന്തരം നിരീക്ഷിച്ചും അവരുമായി സംസാരിച്ചും കണ്ടെത്തിയ ചില കാര്യകാരണങ്ങൾ ചുവടെ ചേർക്കുന്നു.

**ഭാഷാപരമായ ബുദ്ധിമുട്ടുകൾ**

ഭാഷാപരമായ പ്രശ്നങ്ങൾ, ആശയവിനിമയത്തിലെ ബുദ്ധിമുട്ടുകൾ എന്നിവ കുട്ടികളുടെ പഠനത്തെയും സാമൂഹിക ജീവിതത്തെയും ബാധിക്കുന്നു.

*<u>പരിഹാരം:</u>*

1. കുട്ടികൾക്ക് പ്രത്യേക ഭാഷാപരിശീലന പരിപാടികൾ നൽകുന്നു. ഓരോ വിഷയത്തിനും പിന്നാക്കക്കാരായ കുട്ടികൾക്ക് ട്യൂഷൻ ക്ലാസുകൾ ഏർപ്പെടുത്തിയിരിക്കുന്നു.

St Thomas HSS Pala

2. കുട്ടികൾക്ക് ശ്രദ്ധ വർദ്ധിപ്പിക്കാനും ഓർമ്മശക്തി കൂട്ടാനുമുള്ള പരിശീലനങ്ങൾ നൽകുന്നുണ്ട്.ഭാഷാപരമായ ബുദ്ധിമുട്ടുകളും ആശയവിനിമയത്തിനുള്ള ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനായി ക്ലാസുകളിൽ നമ്പർ അനുസരിച്ച് ഓരോ കുട്ടിയും പത്രവാർത്ത വായന നടത്തുന്നു.

3. പ്രസംഗ ക്ലബ്ബ് സ്കൂളിൽ സജീവമാണ് .

4. തൊട്ടടുത്തുള്ള ബിഎഡ് കോളേജിലെ ലാംഗ്വേജ് ലാബിന്റെ സൗകര്യം പ്രയോജനപ്പെടുത്തുന്നു.

**<u>ട്രാഫിക് പ്രശ്നം:</u>**

മെയിൻ റോഡിന് തൊട്ടടുത്തുള്ള സ്കൂളായതിനാൽ താഴെപ്പറയുന്ന പ്രശ്നങ്ങൾ കുട്ടികളെ ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

- തിരക്കേറിയ റോഡുകൾ കുട്ടികളുടെ സുരക്ഷയ്ക്ക് ഭീഷണിയാണ്.
- മോശം റോഡുകൾ,കുണ്ടും കുഴിയും ഉള്ള റോഡുകൾ ഇവ കുട്ടികൾക്ക് അപകടം ഉണ്ടാക്കുന്നു.
- പൊടി ശല്യം - വാഹനങ്ങളിൽ നിന്നുള്ള പൊടിയും പുകയും കുട്ടികൾക്ക് ശ്വാസകോശ രോഗങ്ങൾ ഉണ്ടാക്കുന്നു.
- ട്രാഫിക് ബ്ലോക്ക് ചിലപ്പോൾ കുട്ടികൾക്ക് സ്കൂളിൽ എത്താൻ ബുദ്ധിമുട്ടുണ്ടാക്കുന്നു.

*<u>പരിഹാരം:</u>*

1. കുട്ടികളെ രാവിലെയും വൈകുന്നേരവും റോഡ് ക്രോസ് ചെയ്ത് കടത്തിവിടുന്നതിനായി അധ്യാപകർക്ക് ഡ്യൂട്ടി നൽകിയിട്ടുണ്ട
2. മോട്ടോർ വാഹന വകുപ്പിൽ നിന്ന് ഉദ്യോഗസ്ഥർ വന്ന് ഗതാഗത സുരക്ഷയെ കുറിച്ച് കുട്ടികൾക്ക് ക്ലാസ്സുകൾ എടുക്കുന്നുണ്ട്.

St Thomas HSS Pala

3. ക്ലാസുകളിൽ അധ്യാപകർ റോഡ് സുരക്ഷയുടെ പ്രാധാന്യത്തെ കുറിച്ച് ബോധവൽക്കരണം നടത്താറുണ്ട്.

4. സ്കൂൾ വിടുന്ന സമയത്തും രാവിലെയും ബഹുമാനപ്പെട്ട ഹെഡ്മാസ്റ്ററുടെ അഭ്യർത്ഥന മാനിച്ച് ട്രാഫിക് പോലീസ് ഗതാഗതം നിയന്ത്രിച്ച് കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നു.

5. റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കേണ്ടത് സ്വയംഭരണ സ്ഥാപനങ്ങൾ ആണല്ലോ അതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ജനപ്രതിനിധികളോട് ആവശ്യപ്പെടാറുണ്ട് . ഒട്ടുമിക്കതും പരിഹരിച്ചിട്ടുമുണ്ട്.

5 മുതൽ 10 വരെ ക്ലാസുകളിലായി 523 കുട്ടികൾ ഈ വിദ്യാലയത്തിൽ അധ്യയനം നടത്തുന്നു. രണ്ട് ബ്ലോക്കുകളിലായി 21 ക്ലാസ് മുറികൾ ഉള്ളതിൽ 10 എണ്ണം പ്രൊജക്ടർ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് ക്ലാസ് റൂമുകൾ ആണെന്നുള്ളത് ശ്രദ്ധേയമാണ്. കുട്ടികളുടെ മികച്ച പഠനം ഉറപ്പാക്കാൻ വിശാലമായ ക്ലാസ് മുറികൾ ഉണ്ട്. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ആവശ്യമുള്ള ബെഞ്ച്, ഡെസ്ക് , ഫാൻ, ലൈറ്റ് എന്നിവ ഓരോ ക്ലാസ് മുറിയിലും സജ്ജീകരിച്ചിരിക്കുന്നു.രാവിലെ 9. 25 മുതൽ വൈകിട്ട് 4 മണി വരെയുള്ള സമയത്തിനുള്ളിൽ എട്ടു പിരിയഡുകളിലായി ക്ലാസ് ക്രമീകരിച്ചിരിക്കുന്നു.

**പഠനാന്തരീക്ഷം**

ശിശുസൗഹൃദ പഠനാന്തരീക്ഷമാണ് ഈ സ്കൂളിന്റെ ഏറ്റവും വലിയ സവിശേഷത. പഠനത്തിനും സഹകരണാത്മക പഠനത്തിനും ക്ലാസ് മുറികളിൽ അവസരം ഒരുക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നു. അതിലൂടെ അറിവിന്റെ നിർമ്മിതിയും പങ്കുവയ്ക്കലും ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നു. പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുവാനും പ്രത്യേക പരിഗണന ആവശ്യമുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനൊപ്പം പഠന പിന്തുണ നൽകുവാനും അതിലൂടെ മികച്ച പഠനാന്തരീക്ഷം എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്താനും ഈ സ്കൂൾ പ്രത്യേകം ശ്രദ്ധിക്കുന്നു.

മാതാപിതാക്കൾക്കും അധ്യാപകർക്കു മിടയിൽ നിലനിൽക്കുന്ന നിരന്തരമായ സമ്പർക്കം കുട്ടികളിലെ പഠന പിന്നാക്കാവസ്ഥയ്ക്കുള്ള കാരണങ്ങൾ അറിഞ്ഞ് പരിഹാരം

St Thomas HSS Pala

കണ്ടെത്താൻ സഹായിക്കുന്നു. അതുപോലെ തന്നെ അധ്യാപകരും കുട്ടികളും തമ്മിലുള്ള സ്നേഹോഷ്മളമായ ബന്ധവും സ്കൂളിൽ സൗഹാർദ്ദ പൂർണമായ അന്തരീക്ഷം സൃഷ്ടിക്കുന്നു. ഇവയെല്ലാം മികച്ച പഠനന്തരീക്ഷം സ്കൂളിൽ ഉറപ്പുവരുത്തുന്നു.

**സയൻസ് ലാബ്**

നൂതന സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഒരു എ.സി. സയൻസ് ലാബ് ഉടനടി പ്രവർത്തനമാരംഭിക്കുന്നതോടെ യുപി ഹൈസ്കൂൾ വിഭാഗങ്ങൾക്ക് രണ്ട് വ്യത്യസ്ത ലാബുകൾ സജ്ജീകരിക്കുവാൻ ഈ സ്കൂളിന് കഴിയുമെന്നത് ശ്ലാഘനീയമാണ്. ആഴ്ചയിലൊന്നെങ്കിലും എല്ലാ ക്ലാസ്സുകളിലെയും കുട്ടികൾക്ക് ലാബിന്റെ സൗകര്യം ഉറപ്പുവരുത്തുന്നുണ്ട്.

**<u>കമ്പ്യൂട്ടർ ലാബ്</u>**

25 കമ്പ്യൂട്ടറുകളുള്ള മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഒരു എ.സി. IT ലാബ് സ്കൂളിന് സ്വന്തമായുണ്ട്. 5 മുതൽ 10 വരെയുള്ള എല്ലാ ക്ലാസ്സുകളിലെ കുട്ടികൾക്കും ആഴ്ചയിൽ 2 പീരിയഡ് ലാബിൽ പ്രാക്ടിക്കൽ പഠനത്തിന് വിനിയോഗിക്കുന്നു. ലിറ്റിൽ കൈറ്റ്സ് വളരെ സജീവമായി ഈ സ്കൂളിൽ പ്രവർത്തിച്ചു വരുന്നു.

**കളിസ്ഥലം**

കേരളത്തിലെ തന്നെ മികച്ച സ്പോർട്സ് സ്കൂളുകളിൽ ഒന്നായ പാലാ സെന്റ് തോമസ് എച്ച് എസ് എസിന് വിശാലമായ ഒരു കളിസ്ഥലം സ്വന്തമായുണ്ട്. ഇവിടെ കുട്ടികൾക്ക് നെറ്റ് ബോൾ , ഫുട്ബോൾ, റോളർ സ്കേറ്റിംഗ് തുടങ്ങിയവയിൽ പരിശീലനം നൽകുന്നു .കായിക പരിശീലനത്തിനായുള്ള പീരിയഡുകളെ കൂടുതൽ ഊർജ്ജസ്വലമാക്കുന്നതും വിശാലമായ ഈ കളിസ്ഥലം തന്നെയാണ്.

**ലൈബ്രറി**

1500 ലധികം പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ബൃഹത്തായ ഒരു ലൈബ്രറി സ്കൂളിന് സ്വന്തമായുണ്ട്. ഹൈസ്കൂൾ വിഭാഗം കുട്ടികൾക്ക് രണ്ടാഴ്ചയിൽ ഒരു ബുക്ക് എന്ന

St Thomas HSS Pala

കണക്കിലും, യു.പി. വിഭാഗം കുട്ടികൾക്ക് മാസത്തിൽ ഒരു ബുക്ക് എന്ന കണക്കിലും ലൈബ്രറി ബുക്കുകൾ നൽകിക്കൊണ്ട് കുട്ടികളിൽ വായനശീലം വളർത്താൻ പ്രത്യേകം പരിശ്രമിക്കുന്നു. വായിക്കുന്ന പുസ്തകങ്ങളുടെ കുറിപ്പ് എഴുതി സൂക്ഷിക്കുവാനും കുട്ടികളോട് ആവശ്യപ്പെടുന്നു. ചിട്ടയായി ലൈബ്രറി പുസ്തകങ്ങളുടെ വിതരണവും അത് രേഖപ്പെടുത്തുന്ന ലൈബ്രറി രജിസ്റ്ററും ഓരോ ക്ലാസിനും സ്വന്തമായുണ്ട്.

St Thomas HSS Pala

സ്റ്റാഫ് ലിസ്റ്റ്

| STAFF LIST 2025 -26 | | | | |
|---|---|---|---|---|
| ***Sl.No.*** | ***Name*** | | ***SUBJECT*** | ***MOB. NUMBER*** |
| 1 | Fr Rejimon Scaria | HEADMASTER | | 9447507565 |
| **HS SECTION** | | | | |
| 2 | Julie Joseph | 10A | ENGLISH | 9495661876 |
| 3 | Rajesh Mathew | 10B | HINDI | 9447910624 |
| 4 | Joby Varghese | 10C | SOCIAL SCIENCE | 9656044897 |
| 5 | Cinikutty Emmanuel | 9A | SOCIAL SCIENCE | 9495657503 |
| 6 | Dr Sr Dessy Chacko | 9B | MALAYALAM | 9074093408 |
| 7 | Jinil C K | 9C | ENGLISH | 7907945873 |
| 8 | Sherin Rani Mathew | 9D | ENGLISH | 9497559511 |
| 9 | Tinu J Karivelil | 8A | MATHEMATICS | 9744078364 |
| 10 | Thresiamma U C | 8B | BIOLOGY | 9544042708 |
| 11 | Tinu Jose | 8C | MATHEMATICS | 9446971132 |
| 12 | Manu George | 8D | MALAYALAM | 9645885502 |
| 13 | Rejimon Cyriac | | MALAYALAM | 9446796067 |
| 14 | Pratheesh Kurian | | HINDI | 9605027996 |
| 15 | Bindumol Cyriac | | PHYSICAL SCIENCE | 9446560428 |
| 16 | Jisha Thomas | | PHYSICAL SCIENCE | 9539040422 |
| 17 | Swapnam Jose | | NATURAL SCIENCE | 9495477982 |
| 18 | Minu V George | | MATHEMATICS | 9446765033 |
| 19 | Manu James | | PHYSICAL EDUCATION | 9072585868 |
| 20 | Shoby John | | MUSIC | 9400458830 |
| **UP SECTION** | | | | |
| 21 | Fr Jomi George | 7A | | 9961405012 |
| 22 | Fenix Francis | 7B | | 8547105501 |
| 23 | Jinse George | 7C | | 9496464151 |
| 24 | Deepa Mathew | 6A | | 9645446603 |
| 25 | Bhavya Jose | 6B | | 9947704639 |
| 26 | Jiisha Sebastian | 5A | | 7025738407 |
| 27 | Tobin K Alex | 5B | | 9447680606 |
| 28 | Roby Augustine | ON LEAVE | | 9447043903 |
| **OFFICE SECTION** | | | | |
| 29 | Biji Joseph | Sel.Clerk | | 9447130234 |
| 30 | Anish Mathew | OA | | 9961755324 |
| 31 | Rintomon E R | OA | | 9207775747 |
| 32 | Siby Kuriakose | FTM | | 8281915997 |